കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വലപ്പാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-2016

ജില്ലാഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)2010/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ,

പിൻ– 680 020 ഫോൺ: 0487 2331249
തീയതി: 15-12-2016

e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വലപ്പാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വലപ്പാട് ഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-5 ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)2010/16 തിയ്യതി: 15-12-2016

## തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിലെ പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 10 എണ്ണം നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 2.11.2016 മുതൽ 9.11.2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| അൻവർ അലി | ഓഡിറ്റ് ഓഫീസർ |
| പ്രസാദ്. പി. ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| സുനിത.ആർ. | ഓഡിറ്റർ |
| സുഭാഷ്.എ.സി | ഓഡിറ്റർ |

| ബി) നിർവ്വഹണാധികാരികൾ | | |
|---|---|---|
| | പേര് | കാലയളവ് |
| പ്രസിഡന്റ് | ബീന അജയ്ഘോഷ് | 1.4.2015 മുതൽ<br>30-10-15 വരെ |
| | | 11.11.2015 മുതൽ 18-11-15 വരെ അഡ്മിനിസ്ട്രേറ്റിവ് കമ്മറ്റി |

| | | |
|---|---|---|
| | ഇ.കെ.തോമസ് മാസ്റ്റർ | 19-11-15 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | വി.എം മുഹമ്മദ് ബഷീർ | 1.4.2015-31.5.2015 |
| | മനോജ്. കെ. | 1.6.2015 - 26.7.2015 |
| | എൻ.ഒ. ലില്ലി | 27.7.2015-14.12.2015 |
| | സലീം | 15.12.2015-25.12.2015 |
| | എൻ.ഒ. ലില്ലി | 26.12.2015-31.3.2016 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | മനോജ്. കെ. | 1.4.2015-28.7.2015 |
| | രാമചന്ദ്രൻ | 29.7.2015-30.9.2015 |
| | സലീം | 1.10.2015-31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഷൈനി. പി. ജെ. | 1.4.2015-31.3.2016 |
| കൃഷി ഓഫീസർ | മാലിനി. ഇ.ഡി | 1.4.2015-31.3.2016 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഓമന. സി.വി | 1.4. 2015-31.3.2016 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. മാഹിൻ | 1.4.2015-31.3.2016 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സി.എം.ഷക്കീല | 1.4.2015-31.3.2016 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ലിൻസി. പി. മഞ്ഞളി | 1.4.2015-31.3.2016 |
| വെറ്ററിനറി സർജൻ | കെ.കെ. പ്രഭാകരൻ | 1.4.2015-31.3.2016 |
| വി.ഇ.ഒ. വലപ്പാട് | ഗീത.പി.ഡി | 1.4.2015-31.3.2016 |
| വി.ഇ.ഒ. എടമുട്ടം | ഹസീന. ടി. കെ | 1.4.2015-31.3.2016 |
| എച്ച്.എം | ശ്രീ റാണി | 1.4.2015-31.3.2016 |
| ഫിഷറീസ് ഇൻസ്പെക്ടർ | ജിനി.പി.വർഗ്ഗീസ് | 1.4.2015-12.7.2015 |
| ,, | കെ.കെ.സുധി | 13.7.2015-31.3.2016 |

# ഭാഗം 1

## പൊതു അവലോകനം

# 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 4.3.2016 തിയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 177447688 രൂപയും ചെലവ് 165361000 രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2016 | 3.8.2016 |

വാർഷിക കണക്ക് യഥാസമയം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

1. ആസ്തികളുടെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

2.R P 43 പട്ടികയിൽ താഴെ പറയുന്ന ഇനങ്ങളിൽ കുടിശിക വരവുണ്ട്. എന്നാൽ 2014-15 ലെ വാർഷിക കണക്കിൽ ഇത്രയും തുക പിരിഞ്ഞുകിട്ടാനുള്ളതായി ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഇനം | 2014-15 AFS പ്രകാരം കുടിശിക | 2015-16 AFS പ്രകാരം കളക്ഷൻ |
|---|---|---|---|
| | തൊഴിൽ നികുതി | 6000 | 8790 |
| | ഡി & ഒ ലൈസൻസ് ഫീസ് | 2000 | 4600 |
| | വാടക | 38392 | 1043 |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 52111560.99 |
| വരവ് | 58615707 |
| ആകെ | 1105577267.99 |
| ചെലവ് | 80105674 |
| നീക്കിയിരിപ്പ് | 30621593 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1950006 | 15266049 | 17216055 | 17216055 | - | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 8195378 | 8084076 | 16279454 | 16279454 | 3753708 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | o | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3373622 | 8170149 | 11543771 | 11543771 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2262823 | 1441314 | 3704137 | 3704137 | - | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 2356335 | 7076053 | 9432388 | 9432388 | 2392855 | 0 |
| ലോക ബാങ്ക് സഹായം | 3893095 | 3526935 | 7420030 | 7420030 | 3893095 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 82228929 | 123 | 58814642 | 19 | 6 | 71.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| | | |
|---|---|---|
| 1 | 128/16 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ |
| 2 | 27/16 | ഐ.കെ.എം. വരി സംഖ്യ നൽകൽ |
| 3 | 31/16 | കേരളോത്സവം |
| 4 | 34/16 | വാർഡ് സഭാ കേന്ദ്രങ്ങൾ |
| 5 | 47/16 | ആശ്രയ |
| 6 | 81/16 | പേപ്പർ ബാഗ് നിർമ്മാണം തയ്യൽ യൂണിറ്റ് |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9944841 | 6538553 | 3006288 | -31.4 |
| നികുതിയേതര വരവുകൾ | 2258365 | 2567243 | 308878 | 13.6 |
| മറ്റുവരവുകൾ | 629442 | 2274660 | 3754784 | (-)62.2 |
| ആകെ | 17832650 | 11380456 | 7069950 | -39.64 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 120120 | 74 |
| കർഷകതൊഴിലാളി പെൻഷൻ | 2430390 | 313 |
| വിധവാ പെൻഷൻ | 13336120 | 1354 |
| വാർദ്ധക്യകാല പെൻഷൻ | 12881370 | 1732 |
| വികലാംഗ പെൻഷൻ | 3312100 | 329 |
| അവിവാഹിത പെൻഷൻ | 1236280 | 126 |
| വിവാഹ ധനസഹായം | 390000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.11.2016 തിയതി, 4.10 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12602 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ഡേബുക്ക്,ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി, ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ഇൻക്യബൻസി റജിസ്റ്റർഎഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ പൂർണ്ണമല്ല.8ാം വാർഡിലെ ഗ്രാമ സഭ(6.6.2015,22.8.2015) ക്വാറം തികയാതെയാണ് കൂടിയിരിക്കുന്നത്.ഗ്രാമ സഭയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.2016 | 09/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.6.2012 | 2011-12 | 16.8.2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുറവ് ഈടാക്കിയത്

ശ്രീമതി. ഉമ്മുകുൽസു, പോക്കാക്കില്ലത്ത്, മുരിയാംതോട്, എന്നവരുടെ പേരിലുള്ള സ്റ്റോക്ക് റൂം (ബോട്ടിൽ ബോയിലിംഗ് യൂണിറ്റ്) ഫയൽ നം.A5/5905/15, വാർഡ് നം.5, കെട്ടിട നം.528A, സർവ്വേ നം.214/15 വലപ്പാട്, ടി സ്ഥാപനത്തിന്റെ വസ്തു നികുതി ഈടാക്കിയിട്ടുള്ളത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 30 രൂപ എന്ന നിരക്കിൽ 248m2-ന് 20% വർദ്ധനവ് അടക്കം 8928 രൂപ +447രൂപ ( LC 5%)=9375 രൂപയാണ്. (രശീതി നം.11504103655/17/10/2015) എന്നാൽ ടി സ്ഥാപനത്തെ ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 40 രൂപ എന്ന നിരക്കിൽ 248m2-ന് 20% വർദ്ധനവ് അടക്കം 11904 രൂപ + 596 രൂപ ( LC5%)=12500 രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. ആയതു മൂലം പഞ്ചായത്തിന് 2976 രൂപ + 149രൂപ ( LC5%)=3125

നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 രശീതി പരിശോധന

ഓഡിറ്റ് കാലയളവിലെ രശീതി പരിശോധനയിൽ പഞ്ചായത്തിലെ സാംഖ്യ അൺ യൂസ്ഡ് റെസീപ്റ്റ്സ് ക്യാൻസൽ ചെയ്ത് സൂക്ഷിക്കാത്തതായി കണ്ടെത്തുകയുണ്ടായി. ആയത് ഓഡിറ്റ് സമയത്ത് തന്നെ ക്യാൻസൽ ചെയ്യിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഉപയോഗശൂന്യമായതിനാൽ മാറ്റിവയ്ക്കുന്ന രശീതികൾ സെക്രട്ടറി ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതും അവയുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതുമാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി

പഞ്ചായത്തിൽ 2015-16 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ചുമത്തിയ 398 സ്ഥാപനങ്ങളിൽ 34 സ്ഥാപനങ്ങൾ (8.54%) രണ്ട് അർദ്ധ വർഷങ്ങളിലായി (120+120) 240 രൂപ വീതവും, 219 സ്ഥാപനങ്ങൾ (55.02%) രണ്ട് അർദ്ധ വർഷങ്ങളിലായി (180+180) 360രൂപ വീതവുമാണ് സ്ഥാപന തൊഴിൽ നികുതിയായി അടവാക്കിയിട്ടുള്ളത്.

മുകളിൽ പറഞ്ഞ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ബി.എസ്.എൻ.എൽ. വലപ്പാട്, കെ.എ സ്. ഇ .ബി , വലപ്പാട്, കെ.എ സ്. ഇ .ബി, തൃപ്രയാർ എന്നീ സ്ഥാപനങ്ങൾ 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-5 പരസ്യ നികുതി പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം പരസ്യങ്ങൾ കാണുന്നുണ്ടെങ്കിലും 2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക പ്രകാരം പരസ്യ നികുതിയിനത്തിൽ വരവൊന്നുമില്ല. പരസ്യനികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ പഞ്ചായത്ത് കമ്മിറ്റി നാളിതുവരെ പാസ്സാക്കുകയോ വകുപ്പ തലവന്റെ അംഗീകാരത്തിനു സമർപ്പിക്കുകയോ ചെയ്തിട്ടില്ല. 1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 ഉം അനുബന്ധങ്ങളും പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുന്നുണ്ട്. പരസ്യനികുതിയിനത്തിൽ നല്ലൊരു തുക വരുമാനമായി ലഭിക്കാൻ സാധ്യതയുണ്ട് എന്നിരിക്കെ, ആയത് പ്രയോജനപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മീഡിയാശ്രീ പദ്ധതിക്ക് ധനസഹായം -പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്റ്റ് നം. S0108/16

പ്രൊജക്റ്റ് : മീഡിയാശ്രീ പദ്ധതിക്ക് ധനസഹായം

ചെലവ്- ₹ 65000 (തനത് ഫണ്ട്) വൗച്ചർ നം. 21500973/28.1.16

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്കുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 05.12.2014 ലെ സ.ഉ(സാധാ) നം.3206/2014/ത.സ്വ.ഭ.വ പ്രകാരം ₹65000 ജില്ലാ കുടുംബശ്രീ മിഷൻ കോർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. (DD No.829501 dtd 30.1.2016) കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 1.2.2016ന് ഏർപ്പെട്ട കരാറു പ്രകാരം തുക ലഭിച്ച് കഴിഞ്ഞ് 60 ദിവസത്തിനകം ഡോക്കുമെന്ററി ചിത്രത്തിന്റെ 10 പകർപ്പ് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ സെക്രട്ടറിക്ക് കൈമാറേണ്ടതാണ്. എന്നാൽ നാളിതുവരെ പകർപ്പ് ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കുന്നതു വരെ ചെലവു തുക ₹65000 തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

ജീവത ശൈലിരോഗ നിയന്ത്രണം എന്ന പ്രൊജക്ടിന്റെ (പ്രൊജക്ട് നം.s0087/16) ഭാഗമായി മരുന്നുകൾ വാങ്ങുന്നതിന് കാരുണ്യ മെഡിക്കൽ സർവ്വീസ് ഫാർമസിക്ക് ഡി.ഡി.നം. 994579 തീ.21.4.2016 ന് 40000 രൂപ നല്കിയിട്ടുണ്ട്. എന്നാൽ 13,117 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 26883 രൂപയുടെ മരുന്നുകൾ ലഭ്യമാക്കേണ്ടതും അവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 ലോഗ് ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ KL-46E-401നമ്പർ പഞ്ചായത്ത് വാഹനത്തിന്റെ (Mahidra Bolero) ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു..

1.ഓരോ മാസാവസാനവും തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2.അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ ഒഴിവാക്കേണ്ടതും വാഹന പരിപാലനം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ 30.6.07 പ്രകാരം ലോഗ് ബുക്ക് യഥാവിധി പരിപാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

## 3-4 ആശ്രയ കുടുംബങ്ങളുടെ ഭവന നിർമ്മാണം-തുക ചെലവഴിച്ചില്ല

2014-15 വർഷം അഗതികളുടെ ഭവന നിർമ്മാണം (പ്രൊജക്ട് നം 46/15) എന്ന പ്രൊജക്ടിന്റെ ഭാഗമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ താഴെപ്പറയും പ്രകാരം ₹904206 സി.ഡി.എസ്. മെമ്പർ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.

| തുക (രൂപ) | ട്രഷറി ബിൽ നം/ചെക്ക് നം, തീയതി | ഫണ്ടിനം |
|---|---|---|
| 300000 | 3/2014-15 തി.22.10.2014 | വികസന ഫണ്ട് |
| 200000 | 848775/28.10.2014 | തനതു ഫണ്ട് |
| 404206 | 12/2014-15 തി. 27.3.2015 | ധനകാര്യ കമ്മീഷൻ അവാർഡ് |

2013-14 വർഷത്തിലും പ്ലാൻ ഫണ്ടിൽ നിന്നും 9,25,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 2013-14 മുതൽ നാളിതുവരെ താഴെ പറയുന്ന 4 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഭവനനിർമ്മാണത്തിനുള്ള ധനസഹായം (₹2,50,000/-വീതം) അനുവദിച്ചിട്ടുള്ളത്.

1.ചന്ദ്രമതി അമ്മ, ചിറ്റേഴത്ത്

2.ശാന്ത,പുന്നപ്പിള്ളി

3.കല്യാണി പുതുവീട്ടിൽ

4.ശാന്ത, വാഴപ്പിള്ളി

ആശ്രയ കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിനുള്ള ഫണ്ട് യഥാസമയം ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം 8/09.11/16). മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാലാണ് മുഴുവൻ തുകയും വിനിയോഗിക്കാൻ സാധിക്കാഞ്ഞതെന്നും 2016-17 വർഷത്തിൽ ആശ്രയ ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന് സന്നദ്ധത അറിയിച്ചിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. 2014-15 കാലയളവിനു ശേഷം പ്ലാൻ ഫണ്ട്, ചലഞ്ച് ഫണ്ട് എന്നീയിനങ്ങളിൽ വരവില്ല. കുടുംബശ്രീ ആശ്രയ അക്കൗണ്ടിൽ 31.3.2016 ന് താഴെപ്പറയും പ്രകാരം ₹ 14,54,878/- നീക്കിയിരിപ്പുണ്ട്.

| ഇനം | തുക (₹) |
|---|---|
| പ്ലാൻ ഫണ്ട് | 741206 |
| ചലഞ്ച് ഫണ്ട് | 159890 |
| പലിശ വരവ് | 553782 |
| ആകെ | 1454878 |

ആശ്രയ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണത്തിനുള്ള ഫണ്ട് ഗുണപ്രദമായ രീതിയിൽ ചെലവഴിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ആയുർവ്വേദാശുപത്രി കെട്ടിട നിർമ്മാണം - മരാമത്തു പ്രവൃത്തികൾ ഭാഗികവും അനിശ്ചിതവുമായി തുടരുന്നു.

പഞ്ചായത്തിലെ ഏറ്റവും ക്രിയാത്മകമായി പ്രവർത്തിച്ചുവരുന്ന പൊതുസ്ഥാപനമാണ് പഞ്ചായത്ത്

ആയുർവ്വേദാശുപത്രി. ജില്ലയിലെ തന്നെ മുഖ്യ ആയുർവ്വേദ കേന്ദ്രങ്ങളിലൊന്നെന്ന നിലയിൽ യശസ്സാർജ്ജിച്ച ടി ആശുപത്രിയുടെ സമഗ്ര വികസനത്തിനായി രണ്ടു കെട്ടിടങ്ങൾ (ബ്ലോക്ക് 1, 2 എന്നിവ) നിർമ്മിക്കാനുള്ള പഞ്ചായത്തിന്റെ പരിശ്രമങ്ങൾ പ്രശംസനീയമാണ്. എന്നാൽ 2014-15 വർഷത്തിൽ രൂപകല്പന ചെയ്ത ആദ്യ ബ്ലോക്കിന്റെ തന്നെ നിർമ്മാണം നിലവിൽ പാതിവഴിയിലാണ്. രണ്ടു ബ്ലോക്കുകളിലും നിർമ്മാണത്തിലെ നിലവിലെ സാഹചര്യം ചുവടെ റിപ്പോർട്ട് ചെയ്യുന്നു.

(എ) ബ്ലോക്ക്-1

ബ്ലോക്ക് 1 കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് നം 155/16(14-15ലെ പ്രോജക്ട് നം.3161/15ന്റെ തുടർച്ച) ആയി 3436344/- രൂപ ഓഡിറ്റു കാലയളവു വരെ ചെലവഴിച്ചിട്ടുണ്ട്. ലോകബാങ്ക് വിഹിതമായ 3846002/- രൂപ വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ ടെണ്ടർ ചെയ്ത പ്രവൃത്തി, ടെന്ററിൽ 10.61% കുറവിൽ 3437941/- രൂപ അടങ്കലിൽ കരാറായി. ടി കരാർ പ്രകാരമുള്ള പദ്ധതികൾ പൂർത്തിയായതിന്റെ വെളിച്ചത്തിൽ ഫൈനൽ ബിൽ അംഗീകരിച്ച് 31.12.2015ന് (അളവ് പുസ്തകം 3&5/15-16, പാർട്ട് ബിൽ 22/15-16-1975949/- & ഫൈനൽ ബിൽ 34/15-16-1460395/-) തുക നൽകുകയും ചെയ്തു. ടി പദ്ധതിയ്ക്ക് DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തന്നെ നിർദ്ദിഷ്ട കെട്ടിടത്തിന്റെ മുഴുവൻ പണികളും പൂർത്തീകരിക്കാൻ മേൽ തുക പര്യാപ്തമല്ല എന്നും ആയതിനാൽ പണികളുടെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് വകയിരുത്തി അടുത്ത റിവിഷനിൽ ആസൂത്രണ സമിതി അംഗീകാരത്തിന് സമർപ്പിക്കണമെന്നും 05.06.15ലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 1(1)-ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ടി പ്രവൃത്തി സംബന്ധിച്ച ഫയൽ പരിശോധിച്ചതിന്റെ വെളിച്ചത്തിലും ഓഡിറ്റ് അന്വേഷണ (നം.9/9.11.16)ത്തിന് നിർവ്വഹണോദ്യോഗസ്ഥ 9.11.16ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

(i) രണ്ടുനിലകളുള്ള ഈ ബ്ലോക്കിന്റെ താഴത്തെ നിലയുടെ കോൺക്രീറ്റ് പ്രവൃത്തികൾ (ഫൗണ്ടേഷൻ, തൂണുകൾ, സ്ലാബ് എന്നിവ) മാത്രമാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. ചുവരുകൾ, ഫിനിഷിംഗ്, ഇലക്ട്രിക്കൽ പ്ലംബിങ്ങ് വർക്കുകൾ എന്നിവ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ബ്ലോക്കിന്റെ മൂന്നിലൊന്നു നിർമ്മാണ പ്രവൃത്തി മാത്രമേ നടപ്പിലായിട്ടുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

(ii) 2016-17 വർഷത്തിൽ ലോകബാങ്ക് വിഹിതമായി അനുവദിച്ച 3131815/- രൂപ വകയിരുത്തി തുടർ നടപടികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. നിലവിലെ രണ്ടാം ബ്ലോക്ക് കെട്ടിടത്തിന്റെ സ്പിൽഓവർ പദ്ധതി (പ്രോജക്ട് നം. 166/15-16) യിലെ നീക്കിബാക്കി തുകയായ 810754/- രൂപ കൂടി ഉൾപ്പെടുത്തി 2016-17 റിവിഷനിൽ ഒരു പൂർത്തീകരണ പദ്ധതി തയ്യാറാക്കി, 15-16 ബജറ്റ് വിഹിത പ്രകാരം അഡ്ജസ്റ്റ് ചെയ്യുന്ന പ്രാരംഭബാക്കി കൂടി ഉൾപ്പെടുത്തി 45 ലക്ഷം രൂപ അടങ്കലിൽ 2016-17ൽ 1-ാം ബ്ലോക്ക് പ്രവൃത്തി പൂർത്തിയാക്കാൻ തീരുമാനിച്ചതായി 9.11.2016ൽ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ഇതു സംബന്ധമായ ഭരണസമിതി തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(iii) പഞ്ചായത്ത് തലത്തിലെ അപൂർവ്വവും സുപ്രധാനവുമായ ഒരു പദ്ധതി എന്ന നിലയിൽ കെട്ടിട നിർമ്മാണം ഒറ്റയടിക്ക് പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ പഞ്ചായത്ത് ഭരണതലത്തിൽ ഉണ്ടായിട്ടില്ല എന്നത് ഈ പദ്ധതിയുടെ ഒരു പരിമിതിയായി ഓഡിറ്റ് വിലയിരുത്തുന്നു.

(iv) ഒന്നാം ബ്ലോക്കിന്റെ നിർമ്മാണം 2016-17 ൽ പൂർത്തീകരിച്ച് ഈ വർഷത്തിൽ തന്നെ ആശുപത്രി പുതിയ കെട്ടിടത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾ

കൈക്കൊള്ളേണ്ടതാണ്.

ബി) ബ്ലോക്ക് 2

5.2.16ലെ 1(11) നമ്പർ തീരുമാനപ്രകാരം ആയുർവ്വേദ ആശുപത്രിക്ക് ബ്ലോക്ക് 2 കെട്ടിടം നിർമ്മിക്കാനായി രൂപരേഖ തയ്യാറാക്കുന്നതിനായി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് സിവിൽ സെക്ഷനെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ സ്ഥാപനത്തിന് രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടിംഗ് ഫീ ഇനത്തിൽ 158980/- രൂപ (ഡി.ഡി. നം.1194157/23.3.16 പ്രകാരം) നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 1 കോടി രൂപയ്ക്കുമേൽ അടങ്കൽ വരുമെന്ന് മേൽ ഭരണസമിതി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എം.പി./എം.എൽ.എ. എന്നിവരുടെ ധനസഹായത്തോടെ രണ്ടാം ബ്ലോക്ക് നിർമ്മിക്കാനുള്ള പരിശ്രമങ്ങൾ നടക്കുന്നതേയുള്ളൂ എന്നാണ് ഇതു സംബന്ധിച്ച് നൽകിയ നം. 10/9.11.16 ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ നിന്ന് ഓഡിറ്റ് മനസ്സിലാക്കുന്നത്. ഇതിലേയ്ക്കായി തൻവർഷം തയ്യാറാക്കിയ പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതി പണം ഒന്നാം ബ്ലോക്കിന്റെ പൂർത്തീകരണത്തിനായി നീക്കിവയ്ക്കുകകൂടി ചെയ്ത സാഹചര്യത്തിൽ, 1 കോടിക്കുമേൽ അടങ്കൽ വരുന്ന രണ്ടാം ബ്ലോക്കിന്റെ മരാമത്ത് പണികൾ പ്രായോഗികമാക്കാനും, തൻവർഷം തന്നെ പൂർത്തീകരിക്കുവാനും ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 100000 | ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21500358,21500514/ 2988652/25.7.15, 2399427/15.9.15 | 424219 | 424219 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21500359,360,511,431/ 2988652/25.7.15, 2399427/15.9.15 | 584950 | 584950 | 0 |

ബാലൻസ് ഷീറ്റിലെ ബി18 ഷെഡ്യൂളിലെ അഡ്വാൻസ് ടു അദേഴ്സ് എന്ന ഹെഡിലുള്ള 172500/- രൂപയുടെ ഡെപ്പോസിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4018125 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 |
| 3 | ആകെ | 4018125 |
| 4 | തൻവർഷം പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4018125 |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | F.D No:80002112956/22.03.13 3018125 രൂപ No:8000375480/30.05.13 10,00,000 രൂപ |

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58615707 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 80105674 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3125 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 65000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3125 | ഇല്ല. | എൻ.ഒ.ലില്ലി,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 65000 | ശ്രീ.സലീം, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ. ഒ. ലില്ലി<br>സെക്രട്ടറി | സെക്രട്ടറി<br>വലപ്പാട് ഗ്രാമപഞ്ചായത്ത് | കുള (ഹൗസ്)<br>പുല്ലൂർ. പി. ഒ.<br>ഇരിങ്ങാലക്കുട<br>പിൻ- 68 683 |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | | |
| 1984-85 | എൽ.എഫ്.ടി.പി1-1902/11/24.10.11/10.01.12 | |
| 85-86 | -ടി- | |
| 86-87,87-88 | -ടി- | |
| 88-89,89-90 | -ടി- | |
| 90-91 | -ടി- | |
| 91-92 | -ടി- | |
| 92-93 | -ടി- | |
| 93-94 | -ടി- | |
| 94-95 | -ടി- | |
| 95-96 | -ടി- | |
| 96-97 | എൽ.എഫ്.ടി.13-610/98/10.02.98 | |
| 97-98 | എൽ.എഫ്.ടി.14-1288/99/22.06.00 | |
| 97-98 | എൽ.എഫ്.ടി.14-1117/02/05.02.03 | |
| 98-99 | എൽ.എഫ്.ടി.14-1118/02/08.12.02 | |
| 98-99 | എൽ.എഫ്.ടി.14-1154/02/18.11.00 | |
| 99-00 | എൽ.എഫ്.ടി.14-1119/02/16.12.02 | |
| 00-01,01-02 | എൽ.എഫ്.ടി.14-1541/03/06.03.04 | |
| 02-03 | എൽ.എഫ്.ടി.14-871/06/31.05.06 | |

| | | |
|---|---|---|
| 03-04 | എൽ.എഫ്.ടി.14-1801/08/11.12.09 | |
| 04-05 | എൽ.എഫ്.ടി.14-1881/08/11.12.09 | |
| 05-06 | എൽ.എഫ്.ടി.14-398/10/16.09.10 | |
| 06-07 | എൽ.എഫ്.ടി.14-399/10/19.03.11 | |
| 07-08 | എൽ.എഫ്.ടി.14-1145/10/25.05.11 | |
| 08-09 | എൽ.എഫ്.ടി.14-1146/10/03.06.11/29.06.11 | |
| 09-10 | എൽ.എഫ്.ടി.(പി1)252/12/07.07.12 | |
| 10-11 | എൽ.എഫ്.ടി.(പി1)-253/12/29.06.12/05.10.12 | |
| 11-12 | എൽ.എഫ്.ടി.പി1.711/13,15.01.2014/12.03/2014 | |
| 12-13 | എൽ.എഫ്.ടി.പി.1-1539/2014 /01.12.14 | |
| 13-14 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/23/ 16/15.01.16/06.02.16 | |
| 14-15 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1033/ 16/28.6.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# <u>അനുബന്ധം 1-</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ടി.എസ്.ആർ(പി1 )2010/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി 15-12-2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

ർ

AUDIT CERTIFICATE

No.KSA-TSR(P1)2010/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020
Dated 15-12-2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Valappad Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Valappad Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,
Thrissur.